കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 62091/ഇഎം1/10/തസ്വഭവ　　　　　തിരുവനന്തപുരം, തീയതി: 21/10/2010.

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സർക്കുലർ പുറപ്പെടുവിച്ചത് - ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന:- 1) 8/10/2010 ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 19/10/10 ലെ 6598/ബി/07/സം.തി.ക നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശ സർക്കാരുകളിലേക്ക് 2010 ഒക്ടോബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 ലെ മുനിസിപ്പാലിറ്റി ആക്ടിലും അത് പ്രകാരമുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

കോഴിക്കോട് ജില്ലയിലെ മുഴുവൻ നിയോജക മണ്ഡലങ്ങളിലേയും വോട്ടെണ്ണൽ 31/10/2010 -ന് നടത്തുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ദൃഢപ്രതിജ്ഞ/സത്യപ്രതിജ്ഞ സംബന്ധിച്ച് സൂചന(1) -ലെ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിൽ കോഴിക്കോട് ജില്ലയുടെ സംഗതിയിൽ, ഭേദഗതി വരുത്തണമെന്ന് സൂചന(2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൊതുതിരഞ്ഞെടുപ്പിനുശേഷം കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ, മുൻസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ സംഗതിയിൽ 2010 നവംബർ 1-ാം തീയതി 3.00 PM-നും, ത്രിതല പഞ്ചായത്തുകളുടെ സംഗതിയിൽ 4.00 PM -നും നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട മറ്റ് നടപടികൾ സൂചന(1) -ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച് സൂചന (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതായി കണക്കാക്കേണ്ടതാണ്.

ജി. അൽഫോൻസ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി, കോഴിക്കോട്.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.